# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2225 — 18/06/2013- ൽ മറുപടിക്ക്

## വ്യവസായ ഗ്രാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹിദ്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പാലോട് രവി | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആദ്യ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ അനേകം Industrial Promotional Activities വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിൽ വരുത്തുന്നുണ്ട്. അത്തരത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം മുൻകൈയെടുത്ത് കരുനാഗപ്പള്ളി താലൂക്കിലെ പന്മന ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത ഒരു ചെറിയ ആശയമാണ് വ്യവസായ ഗ്രാമം. ഈ ആശയം നടപ്പിലാക്കുന്നതിന് വേണ്ടി ആദ്യമായി തെരഞ്ഞെടുത്തത് പന്മന ഗ്രാമപഞ്ചായത്തിനെയാണ്. |
| (ബി) | ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) | ഒരു വീട് ഒരു വ്യവസായ യൂണിറ്റ് എന്ന ഉദ്ദേശ്യത്തോടെ household industry പ്രോത്സാഹിപ്പിക്കുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഉത്പാദന വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ആശയം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. |

ഉത്പാദന മേഖലയിലെ വലിയ സംരംഭകരെ വ്യവസായ ഗ്രാമമായി തെരഞ്ഞെടുക്കുന്ന പ്രദേശത്തേയ്ക്ക് ക്ഷണിച്ചുവരുത്തി ആ പ്രദേശത്തെ തത്പരരായ ജനങ്ങൾക്ക് raw material/product components എന്നിവ പ്രസ്തുത സംരംഭകരെ കൊണ്ട് ലഭ്യമാക്കിപ്പിച്ച് ഉത്പന്നമുണ്ടാക്കി/കൂട്ടിയിണക്കി അവരെത്തന്നെ തിരികെ ഏൽപ്പിക്കുക എന്നുള്ളതാണ് ഇതിന്റെ പ്രവർത്തന രീതി. ഇതിനുവേണ്ടി പരിശീലനം ആവശ്യമുള്ള ചെറു സംരംഭങ്ങൾക്ക്/ജനങ്ങൾക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടുന്ന സഹായം നൽകുന്നു. ഇതിലൂടെ ജനങ്ങൾക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാകുന്നു.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ;

(സി) പന്മന വ്യവസായ ഗ്രാമവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് പന്മന ഗ്രാമപഞ്ചായത്തും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രവും ആണ്.

(ഡി) അനുയോജ്യമായ സ്ഥലങ്ങളിൽ ഇവ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

(ഡി) ഈ ഉദ്യമം വിജയകരമാണെന്നു കണ്ടാൽ മറ്റ് അനുയോജ്യമായ സ്ഥലങ്ങളിൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ